**കാറ്റഗറി നമ്പർ :517/2022**
(നേരിട്ടുള്ള നിയമനം)

താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺ ലൈനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

1. **വകുപ്പ്** : മോട്ടോർ വാഹന വകുപ്പ്

2. **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ

**കുറിപ്പ്:** ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

3. **ശമ്പളം** : ₹ 45600-95600/-

4. **ഒഴിവുകളുടെ എണ്ണം** : 30 (മുപ്പത്)

**കുറിപ്പ്:** (i) മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) 08.04.2008-ലെ G.O.(P).No.16/2008/Trans Dated 08.04.2008 (SRO.No.370/08), 21.10.2008-ലെ 8669/C2/2008/Trans, 03.11.2018-ലെ G.O.(P).No.36/2018/Trans (SRO.No.820/18), 23.01.2020-ലെ G.O.(P).No.3/2020/Trans (SRO.No.372/20), 01.10.2022-ലെ G.O.(P).No.28/2022/Trans (SRO.No.947/22) എന്നീ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായ പരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം

6. **പ്രായപരിധി** : 21-36. ഉദ്യോഗാർത്ഥികൾ 02.01.1986-നും 01.01.2001-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം എന്നിവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.

[വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട്-2 പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക]

7. **യോഗ്യതകൾ** :

I) **വിദ്യാഭ്യാസ യോഗ്യത:-**

**A)** എസ്.എസ്.എൽ.സി-യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

**B)** സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡിൽ നിന്നോ അല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലോ മെക്കാനിക്കൽ എഞ്ചിനീയറിംഗിലോ ലഭിച്ച ഡിപ്ലോമ (3 വർഷ കോഴ്സ്)

**അല്ലെങ്കിൽ**

കേന്ദ്ര/ സംസ്ഥാന സർക്കാർ മുകളിൽ പറഞ്ഞിട്ടുള്ള വിജ്ഞാന ശാഖകളിലെ ഡിപ്ലോമയ്ക്ക് തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത.

C) മോട്ടോർ സൈക്കിൾ, ഹെവി ഗുഡ്സ് വാഹനങ്ങൾ, ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ എന്നിവ ഓടിക്കുന്നതിന് അധികാരപ്പെടുത്തിയ സാധുവായ, നിലവിലുള്ള (current) ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.

**കുറിപ്പ്:** (a) KS&SSR Part-II Rule 10 (a) (ii) ബാധകമാണ്.

(b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

c) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, അഭിമുഖം തുടങ്ങിയ തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉദ്യോഗാർത്ഥിക്ക് ഉണ്ടായിരിക്കേണ്ടതാണ്.

**II) ശാരീരിക യോഗ്യതകൾ:-**

A) നല്ല ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. കൂടാതെ ചുവടെ ചേർക്കുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ കൂടി ഉണ്ടായിരിക്കണം.:-

| | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| (i) | ഉയരം - 165 സെ.മി | ഉയരം - 152 സെ.മി |
| (ii) | നെഞ്ചളവ് - 81 സെ.മി (സാധാരണ)<br>(പുരുഷ ഉദ്യോഗാർത്ഥികൾക്ക് മാത്രം)<br>നെഞ്ചളവ് (വികാസം)- 5 സെ.മി | |

**കുറിപ്പ്:** പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ പുരുഷൻമാരായ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞ ഉയരം 160 സെ.മി ഉം, വനിതാ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞ ഉയരം 150 സെ.മി ഉം ആണ്.

B) കണ്ണട ഇല്ലാതെ ചുവടെ ചേർക്കുന്ന വിധത്തിലുള്ള കാഴ്ച ശക്തി ഉണ്ടായിരിക്കണം.

| | | വലത് കണ്ണ് | ഇടത് കണ്ണ് |
|---|---|---|---|
| (i) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ii) | സമീപ കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** (a) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം

(b) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റേയോ കൺപോളകളുടേയോ അനാരോഗ്യകരമായ അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(c) ഒരു സർക്കാർ ആശുപത്രിയിലെ, ഒഫ്ത്താൽമോളജിയിൽ സ്പെഷ്യലൈസ് ചെയ്ത അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും കാഴ്ചശക്തി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ചുവടെ ചേർക്കുന്ന മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**MEDICAL CERTIFICATE**

[to be obtained from a Medical Officer under the Govt. not below the rank of
an Assistant Surgeon specialized in Ophthalmology of a Govt. Hospital]

I have this day, medically examined Sri./Smt. ........................................................................ ............................................................................................................................................................(Name & Address) and found that he/she has no disease or infirmity which would render him/her unsuitable for Government Service. His/Her age, according to his/her own statement is ………..and by appearance is ............ His/Her standards of vision are as follows:-

<table>
<tr><td colspan="3">I. STANDARDS OF VISION (without glasses)</td></tr>
<tr><td rowspan="2">1. Distant Vision</td><td>Right Eye</td><td>Left Eye</td></tr>
<tr><td>............Snellen</td><td>............Snellen</td></tr>
<tr><td>2. Near Vision</td><td>............Snellen</td><td>............Snellen</td></tr>
<tr><td rowspan="2">3. Field of Vision</td><td>......................</td><td>.......................</td></tr>
<tr><td colspan="2">[Specify whether Full or Not]<br>(Entry 'Normal', 'Good' Average, etc., will be inappropriate here)</td></tr>
<tr><td colspan="3">4. Colour Blindness .....................................................................................</td></tr>
<tr><td colspan="3">5. Squint ........................................................................................................</td></tr>
<tr><td colspan="3">6. Any morbid conditions of the Eye or Lids of either eye. ..............................</td></tr>
<tr><td colspan="3">II. IDENTIFICATION MARKS</td></tr>
<tr><td colspan="3">1. ……………………………………........................................…………………..</td></tr>
<tr><td colspan="3">2. ……………………………………….........................................……………..</td></tr>
</table>

He/ She is Physically Fit for the post of Assistant Motor Vehicle Inspector in Motor Vehicles Department.

I certify to the best of my knowledge and belief that the applicant Sri/Smt............................................................................ is the person herein above described and that the attached photograph has a reasonably correct likeness.

| |
|---|
| Photo of the Candidate |

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:

Date:

(Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവ്യക്തമായ പ്രസ്താവനകൾ അതായത് വിഷൻ " നോർമൽ, ഗുഡ്, ആവറേജ് " മുതലായവ സ്വീകാര്യമല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി രേഖപ്പെടുത്തിയിട്ടുള്ളത് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

**8. പ്രൊബേഷൻ :-**

സർവ്വീസിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിയമിക്കപ്പെടുന്ന തീയതി മുതൽ മൂന്ന് വർഷകാലയളവിനുള്ളിൽ തുടർച്ചയായ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**9. ട്രെയിനിംഗ് :-**

പ്രൊബേഷണറായി സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾ ട്രാൻസ്പോർട്ട് കമ്മീഷണർ വിജ്ഞാപനം ചെയ്യുന്ന ഷെഡ്യൂൾ പ്രകാരമുള്ള 10 (പത്ത്) മാസത്തെ ദൈർഘ്യമുള്ള പരിശീലനത്തിന് വിധേയരാകേണ്ടതാണ്.

**കുറിപ്പ്:** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

**10. അപേക്ഷ അയയ്ക്കേണ്ട രീതി:**

(A) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. എന്നാൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാക്കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

(D) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

11. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **18.01.2023** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

12. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്: www.keralapsc.gov.in

ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ